## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 മാർച്ച് 17, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹു. സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന പ്രതിപക്ഷ പ്രതിഷേധവുമായി ബന്ധപ്പെട്ട് ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്ത നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

78 (*481) വൈദ്യുതി മേഖലയിൽ കേന്ദ്ര നയം സൃഷ്ടിക്കുന്ന പ്രത്യാഘാതം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, വില നിർണയത്തിൽ വൈദ്യുതി ഉല്പാദന-വിതരണ

കമ്പനികൾക്കനുകൂലമായ നയങ്ങളും ചട്ടങ്ങളുമാണ് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നതെന്നും സ്വകാര്യവൽക്കരണത്തിനുള്ള നിയമ/ചട്ട ഭേദഗതികൾ വൈദ്യുതി വിലവർദ്ധനവിന് ഇടയാക്കുമെന്നും 70 ശതമാനം വൈദ്യുതി പുറത്തുനിന്നും വാങ്ങുന്ന കേരളത്തെ അത് ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഒന്നിലധികം വിതരണ കമ്പനികൾക്ക് ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാനും ഉപയോക്തൃ-ചെലവ് മാത്രം നൽകി വിതരണശൃംഖല ഉപയോഗിക്കാനുമുള്ള അവകാശം നൽകുന്ന നിർദ്ദേശത്തിലൂടെ മൂലധന നിക്ഷേപവും ഉത്തരവാദിത്തവുമില്ലാതെ വൈദ്യുതി വിതരണരംഗത്തേയ്ക്ക് ആർക്കും കടന്നുവരാൻ സാധിക്കുമെന്നും വൈദ്യുതി വിതരണത്തിൽ അത് ഭാവിയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്നും റെഗുലേറ്ററി കമീഷന്റെ മുൻകൂർ അനുമതിയില്ലാതെ മാസംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ വിതരണ കമ്പനികൾക്ക് അനുവാദം നൽകുന്ന ചട്ടഭേദഗതി കേന്ദ്രസർക്കാർ അംഗീകരിച്ചതിലൂടെ വൈദ്യുതിനിരക്ക് അടിക്കടി കൂടുമെന്നും യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാൻ കഴിയുന്ന പുതിയ വൈദ്യുതി വിപണി ഏർപ്പെടുത്തുന്നതിന് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയെന്നും മന്ത്രി വ്യക്തമാക്കി. ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ വൈദ്യുതി

ഉല്പാദകർക്ക് കേന്ദ്രാനുമതി ലഭിച്ചതോടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി വാങ്ങൽ ചെലവിൽ പ്രതിമാസം ശരാശരി 11.07 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. വൈദ്യുതിവാങ്ങൽ വ്യവസ്ഥകൾ സംബന്ധിച്ച കേസുകൾ അടിയന്തരമായി തീർപ്പാക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ.-ന് മാർച്ച് മാസം 241.5 കോടി രൂപയുടെ അധിക ചെലവുണ്ടായെന്നും കേന്ദ്രസർക്കാരിന്റെ കർശന നിർദ്ദേശങ്ങൾമൂലം വികസന പ്രവർത്തനങ്ങൾക്ക് വായ്പയെടുക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നതെന്നും അറിയിച്ചു. കെ.എസ്.ഇ.ബി.എൽ.-നുള്ള ചെലവിന്റെ 80 ശതമാനം വൈദ്യുതി വാങ്ങലിനും എംപ്ലോയി കോസ്റ്റിനുമായിട്ടാണ് ചെലവഴിക്കുന്നത്. 480.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനും വിലകുറഞ്ഞ വൈദ്യുതി കരാറുകളിലേർപ്പെടാനും സാധിച്ചിട്ടുണ്ടെന്നും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവനക്കാരുടെ പുനർവിന്യാസം, ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme), ഡാം മാനേജ്മെന്റ് എന്നിവയിലൂടെ ചെലവ് ചുരുക്കാൻ സാധിക്കുമെന്നും വൈദ്യുതോല്പാദനത്തിനാവശ്യമായ ജലം അണക്കെട്ടുകളിൽ കരുതുന്നതുൾപ്പെടെയുള്ള ആസൂത്രണം നടത്തിയിട്ടുണ്ടെന്നും കേന്ദ്ര

സർക്കാരിന്റെ പൈലറ്റ് സ്കീം-II പ്രകാരം പ്രതിവർഷം 6 മാസത്തേയ്ക്ക് (ജനുവരി മുതൽ ജൂൺ വരെ) 270 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് പി.ടി.സി. ഇന്ത്യാ ലിമിറ്റഡുമായി 2022 മുതൽ മൂന്നുവർഷത്തെ മധ്യകാല കരാറിലേർപ്പെട്ടിട്ടുണ്ടെന്നും ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിച്ചും ഹ്രസ്വ/ദീർഘകാല കരാർ, പവർ ബാങ്കിംഗ് സംവിധാനം എന്നിവയിലൂടെയും വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റാൻ സാധിക്കുമെന്നും സഞ്ചാരികളുടെ കാരിയിംഗ് കപ്പാസിറ്റി തിട്ടപ്പെടുത്തി സാധ്യതകളുടെ അടിസ്ഥാനത്തിൽ കക്കയം ഹൈഡൽ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.08-ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം റദ്ദ് ചെയ്തു.)